പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ- *292 21/08/2017-ൽ മറുപടിയ്ക്ക്

# കർഷകർക്ക് മിനിമം വരുമാനം ഉറപ്പു വരുത്തുന്നതിന് പദ്ധതികൾ

ചോദ്യം

ശ്രീ. പി. കെ.ശശി
ശ്രീ.ജെയിംസ് മാത്യു
ശ്രീ.എസ്. രാജേന്ദ്രൻ
ശ്രീ. ആന്റണി ജോൺ

ഉത്തരം

ശ്രീ. വി.എസ് .സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കാലാവസ്ഥാശ്രിത കൃഷിയാണ് മുഖ്യമെന്നതിനാൽ കാലാവസ്ഥയിലെയും വിലയിലെയും അനിശ്ചിതാവസ്ഥ പുതുതലമുറയെ കൃഷിയിൽ നിന്ന് അകറ്റുന്നത് പരിഹരിക്കാനായി കർഷകർക്ക് മിനിമം വരുമാനം ഉറപ്പ് വരുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുമോ; | എ) | കർഷകർക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനായുളള പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കർഷകരുടെ വരുമാനം ഇരട്ടിആക്കുന്നതുമായി ബന്ധപ്പെട്ട് കൃഷി വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, കാർഷിക സർവ്വകലാശാല വി.സി, CTCRI ഡയറക്ടർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഒരു ഉന്നതതലയോഗം ചേർന്ന് തുടർ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾ വ്യാപാരം ചെയ്യുന്നതിലൂടെ ലഭിക്കുന്ന ലാഭം പങ്കിടുന്നതിന് കർഷകർക്ക് നിയമപരമായ അവകാശം ഉറപ്പ് നൽകുന്നതിനായി "അവകാശലാഭം" എന്ന ആശയം പ്രാവർത്തികമാക്കുന്നതിനുളള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതിയ തലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നതിന് വേണ്ടി മൂല്യവർദ്ധിത മേഖലകളിൽ ഉൾപ്പെടെ പുത്തൻ ആശയങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. കാലാവസ്ഥയിലെയും വിലയിലെയും അനിശ്ചിതാവസ്ഥയിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പു |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ വിള ഇൻഷ്വറൻസ് പദ്ധതി, വിപണിയിൽ വില സ്ഥിരത ഉറപ്പാക്കുന്നതിനുള്ള വിപണി ഇടപെടൽ (സംഭരണം) പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. (വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു)<br>പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പരിപാടിക്കായി 2017-18-ൽ 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അവിചാരിതമായ കാരണങ്ങളാൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അത്തരം സന്ദർഭങ്ങൾ നേരിടുന്നതിനായി നെൽവിത്തിന്റെയും മറ്റ് കാർഷിക വിളകളുടെയും ഒരു കരുതൽ ശേഖരം ഉണ്ടാക്കുന്നതിനായിട്ടാണ് തുക വക കൊള്ളിച്ചിട്ടുള്ളത്.<br>വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിലിടപെടുന്നതിനായി പതിനഞ്ച് കോടി രൂപ വിലസ്ഥിരതാ ഫണ്ടിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തിരഞ്ഞെടുത്ത കാർഷിക ഉല്പന്നങ്ങളുടെ വിലസ്ഥിരത ഉണ്ടാക്കുന്നതിനും കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനും വേണ്ടി വിളവെടുപ്പ് കാലങ്ങളിൽ നിയുക്ത ഏജൻസികൾ വഴി സംഭരണ നടപടികളിലൂടെ വിപണിയിൽ ഇടപെടൽ നടത്തുന്നതിനായാണ് തുക വക കൊള്ളിച്ചിട്ടുള്ളത്. |
| ബി) | മുൻ ബജറ്റിൽ പ്രഖ്യാപിച്ചതിന്റെ യടിസ്ഥാനത്തിൽ കാർഷിക മൂല്യ വർദ്ധിത വ്യവസായങ്ങൾ ആരംഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | ബി) | കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 15 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാപഠനം |

നടത്തുന്നതിനും ആശയക്കുറിപ്പ് തയ്യാറാക്കുന്നതിനും, സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിനും നബാർഡിൻെറ കീഴിലുള്ള കൺസൾട്ടൻസി ഏജൻസിയായ NABCONS-നെ സർക്കാർ ഉത്തവ് ജി.ഒ(എംഎസ്) നം. 71/2017/എഡി തീയതി, 17-05-2017 പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. NABCONS-ൻെറ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) എന്ന പേരിൽ സർക്കാർ ഉടമസ്ഥതയിൽ ഒരു കമ്പനി, കമ്പനീസ് ആക്ട് പ്രകാരം രൂപീകരിക്കുന്നതാണ്. ഇതിനായി നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരള അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. താഴെ പറയും പ്രകാരമാണ് അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

1. നാളികേര അഗ്രോപാർക്കുകൾ- തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം
2. നെല്ല് അധിഷ്ഠിത അഗ്രോപാർക്കുകൾ- പാലക്കാട്, ആലപ്പുഴ, എറണാകുളം.
3. വാഴപ്പഴത്തിനും തേനിനും അഗ്രോപാർക്ക്- തൃശ്ശൂർ
4. സ്പൈസസ് പാർക്കുകൾ- ഇടുക്കി, വയനാട്
5. റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ- കോട്ടയം,

| | | | |
|---|---|---|---|
| | | | പത്തനംതിട്ട<br>6. ചക്കയ്ക്കുള്ള അഗ്രോപാർക്ക്- മാള, തൃശ്ശൂർ<br>7. പച്ചക്കറി മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ അഗ്രോ പാർക്ക്- കാന്തല്ലൂൽ, ഇടുക്കി<br>നാളികേരത്തിനായുള്ള അഗ്രോപാർക്കുകൾ ആരംഭിക്കുമ്പോൾ 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ചതുപോലെ നാളികേരത്തിൻെറ ഉൽപാദനവും മൂല്യവർദ്ധനവും ത്വരിതപ്പെടുത്തുന്നതിനായി കൂടുതൽ പ്രൊഡ്യൂസർ കമ്പനികൾ ആരംഭിക്കുന്നതാണ്. |
| സി) | കാർഷിക വികസനം ലക്ഷ്യമാക്കി പ്രഖ്യാപിച്ച കാസർഗോഡ്, വയനാട് പാക്കേജുകളുടെ പുരോഗതി അറിയിക്കാമോ? | സി) | കാർഷിക വികസനം ലക്ഷ്യമാക്കിയുള്ള കാസർഗോഡ് പാക്കേജ് പദ്ധതിയുടെ വാർഷികാടിസ്ഥാനത്തിലുള്ള പുരോഗതി അനുബന്ധം 2 - ആയി ചേർക്കുന്നു.<br>**വയനാട് പാക്കേജ്-** 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 19 കോടി രൂപയുടെ വയനാട് പാക്കേജ് പദ്ധതി പ്രഖ്യാപിച്ചിരുന്നു. കുരുമുളകിൻെറ സമഗ്രവികസനം, വയനാട്ടിലെ തനത് നെല്ലിനങ്ങളുടെ സംരക്ഷണവും വ്യാപനവും, നീർത്തടാധിഷ്ഠിത മണ്ണ് ജലസംരക്ഷണവും ജലവിനിയോഗവും കൃഷിവികസനവും, മറ്റ് പ്രാദേശിക വിളകളുടെ വികസനം, മണ്ണിൻെറ സംപുഷ്ടീകരണം എന്നിവ ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളാണ്. ഇതിനായുള്ള പ്രോജക്ട് പ്രൊപ്പോസൽ സർക്കാരിൻെറ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം- 1

## i) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

2016-17 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ സ.ഉ (എം.എസ്) നം. 37/2017/കൃഷി തീയതി, 22-03-2017 പ്രകാരം സംസ്ഥാനത്തെ എല്ലാ പ്രധാന കാർഷിക വിളകൾക്കും വിളനാശത്തിൽ നിന്നും പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരിച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്), കരിമ്പ്, പുകയില, നെല്ല് എന്നീ 25 വിളകൾക്കാണ് ഈ പദ്ധതി ബാധകമായിട്ടുള്ളത്.

വിള ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ചതു വഴി പ്രീമിയം തുകയിൽ നേരിയ വർദ്ധനവ് മാത്രം വരുത്തിക്കൊണ്ട് നഷ്ടപരിഹാരത്തോതിൽ ഗണ്യമായ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ചില പ്രധാന വിളകൾക്കുള്ള നഷ്ടപരിഹാരത്തോതിലെ വർദ്ധന ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിള | മുൻപ് നിലനിന്നിരുന്ന നഷ്ടപരിഹാര തോത് | പരിഷ്കരിച്ച പദ്ധതി പ്രകാരം നൽകുന്ന വർദ്ധിച്ച തോത് |
|---|---|---|---|
| 1. | തെങ്ങ് (കായ്ഫലം ഉള്ളത്) | തെങ്ങൊന്നിന് 1,000/- രൂപ | തെങ്ങൊന്നിന് 2,000/- രൂപ |
| 2. | നെല്ല് | 45 ദിവസത്തിനകമുള്ള വിളനാശത്തിന് ഹെക്ടറിന് 7,500/- രൂപ<br>45 ദിവസത്തിന് ശേഷമുള്ള വിളനാശത്തിന് ഹെക്ടറിന് 12,500/- രൂപ | 45 ദിവസത്തിനകമുള്ള വിളനാശത്തിന് ഹെക്ടറിന് 15,000/- രൂപ<br>45 ദിവസത്തിന് ശേഷമുള്ള വിളനാശത്തിന് ഹെക്ടറിന് 35,000/- രൂപ |
| 3. | പച്ചക്കറി | പന്തൽ ഇല്ലാത്തവയ്ക്ക് ഹെക്ടർ ഒന്നിന് 15,000/- രൂപ<br>പന്തൽ ഉള്ളവയ്ക്ക് ഹെക്ടർ ഒന്നിന് 25,000/- രൂപ | പന്തൽ ഇല്ലാത്തവയ്ക്ക് ഹെക്ടർ ഒന്നിന് 25,000/- രൂപ<br>പന്തൽ ഉള്ളവയ്ക്ക് ഹെക്ടർ ഒന്നിന് 40,000/- രൂപ |
| 4. | വാഴ | കുലയ്ക്കാത്ത വാഴ ഒന്നിന് 20/- രൂപ<br>കുലച്ച വാഴ ഒന്നിന് 50/- രൂപ | കുലയ്ക്കാത്ത വാഴ ഒന്നിന്<br>നേന്ത്രൻ / കപ്പ - 150/- രൂപ<br>ഞാലിപ്പൂവൻ - 100/- രൂപ<br>മറ്റിനങ്ങൾ - 50/- രൂപ<br>കുലച്ച വാഴ ഒന്നിന്<br>നേന്ത്രൻ / കപ്പ - 300/- രൂപ<br>ഞാലിപ്പൂവൻ - 200/- രൂപ<br>മറ്റിനങ്ങൾ - 75/- രൂപ |
| 5. | റബ്ബർ (കറയെടുക്കുന്ന മരങ്ങൾ) | ഒരു മരത്തിന് - 500/- രൂപ | ഒരു മരത്തിന് - 1,000/- രൂപ |
| 6. | കമുക് (കായ്ഫലം ഉള്ളത്) | ഒരു മരത്തിന് - 100/- രൂപ | ഒരു മരത്തിന് - 200/- രൂപ |
| 7. | കശുമാവ് (കായ്ഫലം ഉള്ളത്) | ഒരു മരത്തിന് - 200/- രൂപ | ഒരു മരത്തിന് - 750/- രൂപ |
| 8. | മരച്ചീനി | ഹെക്ടർ ഒന്നിന് - 5,000/- രൂപ | ഹെക്ടർ ഒന്നിന് - 10,000/- രൂപ |
| 9. | കുരുമുളക് (കായ്ച്ചു തുടങ്ങിയത്) | ഒരു താങ്ങുമരത്തിൽ ഉള്ളതിന് - 40/- രൂപ | ഒരു താങ്ങുമരത്തിൽ ഉള്ളതിന് - 200/- രൂപ |

| | | | |
|---|---|---|---|
| 10. | ഇഞ്ചി | ഹെക്ടർ ഒന്നിന് 40,000/- രൂപ | ഒരു ഹെക്ടറിന് - 80,000/- രൂ |
| 11. | മഞ്ഞൾ | ഹെക്ടർ ഒന്നിന് 40,000/- രൂപ | ഒരു ഹെക്ടറിന് -60,000/- രൂ |
| 12. | കൈതച്ചക്ക | ഹെക്ടർ ഒന്നിന് 25,000/- രൂപ | ഒരു ഹെക്ടറിന് -50,000/- രൂ |
| 13. | പയർവർഗ്ഗങ്ങൾ | ഹെക്ടർ ഒന്നിന് 2,500/- രൂപ | ഒരു ഹെക്ടറിന് -10,000/- രൂ |
| 14. | കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്) | ഒരു ഹെക്ടറിന് ചേന - 25,000/- രൂപ മധുരക്കിഴങ്ങ് - 10,000/- രൂപ | ഒരു ഹെക്ടറിന് ചേന - 35,000/- രൂപ മധുരക്കിഴങ്ങ് - 15,000/- രൂ |
| 15. | ജാതി (കായ്ഫലം ഉള്ളത്) | ഒരു മരത്തിന് - 200/- രൂപ | ഒരു മരത്തിന് - 3,000/- രൂ |
| 16. | ഗ്രാമ്പൂ (കായ്ഫലം ഉള്ളത്) | ഒരു മരത്തിന് - 150/- രൂപ | ഒരു മരത്തിന് - 1,000/- രൂ |
| 17. | വെറ്റില ( വിളവെടുപ്പ് ആരംഭിച്ചത്) | ഒരു സെന്റിന് - 250/- രൂപ | ഒരു സെന്റിന് - 1,000/- രൂ |

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിക്കു പുറമെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാന മന്ത്രി ഫസൽ ഭീമ യോജന എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

**ii) <u>കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിപണി ഇടപെടൽ പദ്ധതി</u>**

കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് വിപണിയിൽ വിലത്തകർച്ച നേരിടുമ്പോൾ ന്യായവില ഉറപ്പുവരുത്തുന്നതിനായി സർക്കാർ വിപണിയിൽ ഇടപെട്ട് ഉല്പന്നങ്ങളുടെ സംഭരണം നടത്തിവരുന്നു. നെല്ല്, പച്ചത്തേങ്ങ എന്നീ ഉല്പന്നങ്ങളാണ് സർക്കാർ ഇടപെട്ട് സംഭരണം നടത്തി വരുന്നത്.

സപ്ലൈകോ മുഖാന്തരമാണ് നെല്ല് സംഭരണം നടത്തി വരുന്നത്. നെല്ലിന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില (കിലോയ്ക്ക് 14.70 രൂപ) കേരളത്തിലെ ഉല്പാദനച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവായതിനാൽ സംസ്ഥാന സർക്കാർ ഉയർന്ന വിലയ്ക്കാണ് നെല്ല് സംഭരിച്ചുവരുന്നത്. ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ 10.11.2016-ലെ ഉത്തരവ് പ്രകാരം കിലോക്ക് 22.50 രൂപയ്ക്കാണ് നിലവിൽ കർഷകരിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിച്ചുവരുന്നത്.

നാളികേരത്തിന് ന്യായവില ലഭിക്കുന്നതിനായി കൃഷിവകുപ്പ് കേരഫെഡിന്റെ സഹായത്തോടെ കൃഷിഭവനുകൾ മുഖേന കർഷകരിൽ നിന്നും നേരിട്ട് പച്ച നാളികേരം സംഭരിക്കുന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. ഒരു കിലോ പച്ച നാളികേരത്തിന് 25/- രൂപ നൽകിയാണ് 2016-17 സാമ്പത്തിക വർഷം സംഭരണം നടത്തിയത്. നടപ്പു സാമ്പത്തിക വർഷം പച്ചത്തേങ്ങ സംഭരണം ആരംഭിച്ചിട്ടില്ല.

റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് 03.07.2015-ലെ സർക്കാർ ഉത്തരവ് നം. സ.ഉ (പി) നം.269/2015/ഫിൻ പ്രകാരം റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും (കിലോയ്ക്ക് 150/- രൂ.) റബ്ബർ ബോർഡ് ഓരോ ദിവസവും പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നു.

സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിലും, കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലെ ജില്ലാ സംഭരണ-വിപണന കേന്ദ്രങ്ങളിലും കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇവിടെ ഉല്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു. ഇത് കാർഷിക ഉല്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിന് സഹായകമാണ്.

കൂടാതെ ഓണം, ക്രിസ്തുമസ്, വിഷു മുതലായ ഉത്സവകാലങ്ങളിൽ കൃഷി വകുപ്പ് അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പ്, വി എഫ് പി സി കെ എന്നിവയുടെ സഹകരണത്തോടെ കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറിയിനങ്ങൾ പൊതുവിപണിയിലെ വിലയെക്കാൾ 15% അധികം നൽകി നേരിട്ട് സംഭരിച്ച് അവർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കി വരുന്നു.

Laini V

സെക്ഷൻ ഓഫീസർ

# അനുബന്ധം - 2

## കാസർഗോഡ് പാക്കേജ് പദ്ധതിയുടെ വാർഷികാടിസ്ഥാനത്തിലുള്ള പുരോഗതി റിപ്പോർട്ട്

2013-14 വർഷം

2013-14 വർഷത്തിൽ 516.5 ലക്ഷം രൂപയുടെ പദ്ധതി പ്രൊപ്പോസൽ ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് നൽകിയെങ്കിലും പദ്ധതികളൊന്നും അനുവദിച്ച കിട്ടിയിരുന്നില്ല

2014-15 വർഷം

2014-15 വർഷത്തിൽ 203 ലക്ഷം രൂപയുടെ പദ്ധതി പ്രൊപ്പോസൽ ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് സമർപ്പിച്ചിരുന്നു. കൂടാതെ കശുമാവ് വികസന പദ്ധതിക്കായി 20 ലക്ഷം രൂപയുടെ പദ്ധതി പ്രൊപ്പോസൽ സമർപ്പിക്കുകയും, 15 ലക്ഷംരൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തെങ്കിലും സാമ്പത്തിക വർഷാവസാനം വരെ ഫണ്ട് ലഭിക്കാത്തതിനാൽ പദ്ധതി നിർവ്വഹണം സാധ്യമായില്ല തുടർന്ന് 2016-17 വർഷത്തിൽ പദ്ധതിക്കായി 15 ലക്ഷം രൂപ അനുവദിച്ച തരികയുണ്ടായി. 2016-17 വർഷത്തിൽ 91.715 ഹെക്ടറിന് 11.0058 ലക്ഷം രൂപ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്,. ബാക്കി 3.9942 ലക്ഷം രൂപ സറണ്ടർ ചെയ്തു.

2015-16 വർഷം

2015-16 വർഷത്തിൽ 10309.09 ലക്ഷം രൂപയുടെ പദ്ധതി പ്രൊപ്പോസൽ ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് സമർപ്പിക്കുകയുണ്ടായി. ഇതിൽ വിള വികസന പദ്ധതിക്ക് 200 ലക്ഷംരൂപയും സൂക്ഷ്മജലസേചന പദ്ധതിക്ക് 75 ലക്ഷം രൂപയുമടക്കം 275 ലക്ഷം രൂപ അനുവദിച്ചുകിട്ടുകയുണ്ടായി. ഇതിൽ 200.06189 ലക്ഷം രൂപ ചെലവഴിക്കുകയും 74.89056 ലക്ഷം രൂപ ട്രഷറിയിൽ നിന്നും ലെറ്റർ ഓഫ് ഓതറൈസേഷൻ ആയി 2015-16 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാൻ കഴിയാതെ വരികയും 4755 രൂപ ലാപ്സ് ആകുകയുമാണ് ഉണ്ടായത്. പിന്നീട് 16-17 വർഷത്തിൽ ബാക്കി തുകയായി 74.89 ലക്ഷം രൂപ അനുവദിച്ചുതന്നത് മുഴുവൻ ചെലവഴിക്കുകയുണ്ടായി.

2016-17 വർഷം

2014-15 വർഷത്തിൽ ഭരണാനുമതി ലഭിക്കുകയും ഫണ്ട് ലഭിക്കാതിരിക്കുകയും ചെയ്തിരുന്ന കശുമാവ് വികസന പദ്ധിക്കായി 15 ലക്ഷം രൂപ അനുവദിച്ച തന്നതിൽ 91.715 ഹെക്ടറിൽ 11.0058 ലക്ഷം രൂപ ചെലവഴിച്ചു. ബാക്കി 3.9942 ലക്ഷം രൂപ സറണ്ടർ ചെയ്തു.

2015-16 വർഷത്തിൽ ട്രഷറിയിൽ നിന്നും ലെറ്റർ ഓഫ് ഓതറൈസേഷൻ ആയി ചെലവഴിക്കാൻ കഴിയാതെ പോയ 74.89 ലക്ഷം രൂപ അനുവദിച്ച തന്നത് മുഴുവൻ ചെലവാക്കി .

2016-17 വർഷത്തിൽ 3.14 കോടിയുടെ പദ്ധതി പ്രൊപ്പോസൽ ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും പദ്ധതികളൊന്നും അനുവദിച്ച കിട്ടികയുണ്ടായില്ല.

2017-18 വർഷം

2017-18 വർഷത്തിൽ 119.5 ലക്ഷത്തിന്റെ പദ്ധതി പ്രൊപ്പോസൽ ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് സമർപ്പിച്ചിരുന്നവെങ്കിലും പദ്ധതികളോന്നും അനുവദിച്ചു തന്നിട്ടില്ല.

സെക്ഷൻ ഓഫീസർ